ESTD. 1854

For Private Circulation
Volume 14 Issue 9
DECEMBER 2022

# CSI St. PAUL'S CHURCH

## KUNNAMKULAM

(Out Stations : Talikulam & Kattakampal)

www.stpaulscsikunnamkulam.in



**Motto : ‘‘എഴുന്നേറ്റ് പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സ്ം നിന്റെ മേൽ ഉദിച്ചിരിക്കുന്നു.’’ യെശയ്യാവ് 60:1**

ക്രിസ്തുയേശുവിൽ പ്രിയരേ ,

വീണ്ടും വരുന്നവനായ യേശുക്രിസ്തുവിൻ ധന്യ നാമത്തിൽ സ്നേഹവന്ദനം രേഖപ്പെടുത്തുന്നു. വീണ്ടും നാം ഒരു ആഗമന കാലത്തേക്കുകൂടി പ്രവേശിച്ചിരിക്കുന്നു, ക്രിസ്തുമസിന് മുൻപുള്ള കാലമാണ് ആഗമനകാലം. മശിഹായുടെ വരവിനായി യെഹൂദജനം ഒരുങ്ങി കാത്തിരുന്നു, യേശുവിന്റെ വീണ്ടും വരവിനായി ക്രിസ്ത്യാനികൾ കാത്തിരിക്കുന്നു; ഒരുക്കത്തോടെ കാത്തിരിക്കണം. ദൈവപുത്രനായ യേശു ഈ ഭൂമിയിലേക്ക് വരുന്നതിനായി തന്നെത്തന്നെ ഒരുക്കി; ശരീരം സ്വീകരിച്ചു. മനുഷ്യനോടൊത്ത് വസിക്കുന്നതിനായി യേശു ഒരുങ്ങിയെങ്കിൽ യേശുവിന്റെ വീണ്ടും വരവിനായി കാത്തിരിക്കുന്ന നമുക്കും ഒരുക്കവും പുതുക്കം പ്രാപിക്കലും അനിവാര്യമാണ്.

എന്തിനാണ് യേശു ഒരുങ്ങിയതും ശരീരം സ്വീകരിച്ചതും? ദൈവത്തിൽനിന്നും പാപം മൂലം അകന്നുപോയ മനുഷ്യനെ വീണ്ടും തന്നോട് ചേർക്കുവാൻ ദൈവം മനുഷ്യന്റെ പരിമിതിയിലേക്ക് ചുരുങ്ങേണ്ടത് ആവശ്യമായിരുന്നു, അതിനായി ദൈവം തന്നെതന്നെ ഒരുക്കി വേഷത്തിൽ മനുഷ്യനായി. ഇതിനാൽ തന്നെ മാനവ സമൂഹത്തെ തേടി വന്ന യേശുവിനെ സ്വീകരിക്കുന്നതിന് മനുഷ്യന് ഒരുക്കവും പുതുക്കവും ആവശ്യമാണ് .

‘‘വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു.’’ (യോഹന്നാൻ 1:15) യോഹന്നാൻ സുവിശേഷത്തിലെ ഒന്നാം അദ്ധ്യായം ഈ സുവിശേഷത്തിന്റെ ആമുഖമായി മനസ്സിലാക്കാം. ഇവിടെ യേശുക്രിസ്തുവിന്റെ ആളത്തം, ദൌത്യം എന്നിവയെ സമഗ്രമായി വിവരിക്കുന്നു. ദൈവത്തിന്റെ ഏക പുത്രനും (1:14,18), ജീവനും (1:4), പ്രകാശവും (1:5,9), സകലത്തിന്റെയും സ്രഷ്ടാവും (1:3), ആയ വചനം; ശരീരം സ്വീകരിച്ച് ലോകത്തിൽ പാർത്തു എന്ന് സുവിശേഷകൻ വിവരിക്കുന്നു. എല്ലാറ്റിനെയും വീണ്ടെടുക്കുന്നതിനായി സകല സൃഷ്ടികൾക്കും സമൃദ്ധമായ

| The Rev. Shibumon C K | Eva. K. J. Johnson | Mr. Abraham Lincoln | Mr. Saji Joseph |
|---|---|---|---|
| Vicar & Chairman | Church Worker | Hon. Secretary | Hon. Treasurer |
| Mob: 9744077022 | Mob: 9847804326 | Mob: 9847099899 | Mob: 7592026272 |

ജീവൻ പകരുന്നതിനായി വചനം ശരീരമായി തീർന്നു. പരിമിതപ്പെട്ടതിലൂടെ സമൂഹത്തിനു ലഭ്യനും സമ്പൂർണമായി അനുഭവിക്കാൻ കഴിയുന്നവനുമായി മാറിയ ദൈവപുത്രന്റെ തിരുപ്പിറവിയെപ്പറ്റിയുള്ള അർത്ഥപൂർണമായ ഒരു വിവരണമാണ് യോഹന്നാൻ സുവിശേഷം ഒന്നാം അദ്ധ്യായത്തിൽ കാണുവാൻ കഴിയുന്നത്.

ദൈവത്തിന്റെ ഭൂമിയിലേയ്ക്കുള്ള വരവിൽ എന്തുകൊണ്ടാണ് ശരീരധാരണം സ്വീകരിച്ചത് എന്ന് നാം മനസ്സിലാക്കാൻ ശ്രമിക്കുമ്പോഴാണ് ആഗമനകാലത്തെ നമ്മുടെ ഒരുക്കം പൂർണതയിലേക്ക് പ്രയാണം തുടരുന്നത്. യേശുക്രിസ്തുവിന്റെ ശരീരധാരണം രണ്ടു കാര്യങ്ങൾ നമ്മെ പഠിപ്പിയ്ക്കുന്നു; ഒന്ന് സൃഷ്ടിയുടെ പരിമിതിയിലേക്ക് സൃഷ്ടാവ് കടന്നുവന്നതാണ്, രണ്ട് ലഭ്യതയുടെയും, സാന്നിദ്ധ്യത്തിന്റെയും ദൃശ്യമായ അടയാളം.

1) യേശുവിന്റെ ശരീരധാരണം പരിമിതിയിലേക്കുള്ള പ്രവേശനമായിരുന്നു: - എബ്രായ പാരമ്പര്യത്തിൽ വചനം ദൈവീക പ്രേരണയാണ് (God's Inspiration) സകലത്തെയും നിർമിക്കുകയും ജീവിപ്പിക്കുകയും നയിക്കുകയും ചെയ്യുന്ന വചനം (ദൈവം) ശരീരം ധരിച്ചു എന്നത് എബ്രായ-ക്രിസ്തീയ പാരമ്പര്യത്തിൽ വളരെ പ്രധാനമാണ്. ലോകത്തിനു സമൃദ്ധമായ ജീവൻ പകരുന്നതിനായി ദൈവം സ്ഥലകാലങ്ങളുടെയും ശരീരത്തിന്റെയും പരിമിതികളെ തെരെഞ്ഞെടുക്കുകയും, ഏതൊരു മനുഷ്യനും നേരിടുന്ന ലോകയാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുകയും ചെയ്തു. ദൈവപുത്രൻ വിശപ്പും ദാഹവും വേദനയും വിരഹവും അറിഞ്ഞു. ദൈവത്തോടുള്ള സമത്വം മുറുകെപിടിക്കേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു (ഫിലിപ്പിയർ 2:6). തന്നെത്താൻ ത്യജിക്കാത്തവന് ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല എന്ന് യേശു പഠിപ്പിച്ചു. സൃഷ്ടാവിൽ നിന്ന് അകന്നുപോയ സൃഷ്ടിയെ വീണ്ടെടുക്കുവാൻ, നിത്യജീവൻ നല്കുവാൻ സൃഷ്ടാവ് പരിമിതിയിലേക്ക് വന്നതാണ് ക്രിസ്തുമസ്. യേശുവിന്റെ പരിമിതിയിലേക്കുള്ള പ്രവേശനവും ത്യജിക്കലും മുഴുമനുഷ്യസമൂഹത്തിനും പ്രയോജകീഭവിച്ചു. ദൈവം ത്യാഗത്തിലൂടെ സൃഷ്ടിയെ രക്ഷിച്ചു, അതേ ഈ ആഗമനകാലത്തിലൂടെ യാത്ര ചെയ്യുന്ന നമുക്ക് പലതും ത്യജിക്കാം, പരിമിതികളെ സ്വീകരിക്കാം അതുവഴി രക്ഷകനായ യേശുവിനെ വീണ്ടും വരവിൽ സ്വീകരിക്കാൻ തയ്യാറാകാം. ദൈവത്തിന്റെ ത്യാഗം അനേകർക്ക് പ്രയോജനപ്പെട്ടു, നമ്മുടെ ത്യാഗവും സമസൃഷ്ടങ്ങൾക്ക് പ്രയോജനകരമാകട്ടെ.

2) ലഭ്യതയുടെയും സാന്നിധ്യത്തിന്റെയും ദൃശ്യമായ അടയാളം

യേശുവിന്റെ ശരീരധാരണത്തിലൂടെ മുഴുസൃഷ്ടിക്കും ദൈവസാന്നിദ്ധ്യം അനുഭവിക്കുവാൻ കഴിഞ്ഞു. യോഹന്നാൻ സുവിശേഷകൻ ദൈവവചനം എന്നതിനു പകരമായി വചനം എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ശരീരം വചനത്തെയും വചനം ജ്ഞാനത്തെയും വെളിപ്പെടുത്തുന്നു. വചനം ദൈവത്തിന്റെ സമ്പൂർണമായ ആവിഷ്കാരമാണ്; ലോകത്തിലുള്ള ദൈവത്തിന്റെ ഇടപെടൽ യേശുവിലൂടെ ഏറ്റവും വ്യക്തമായി ആവിഷ്കരിക്കപ്പെട്ടു. തിരുശരീരം ദൈവീക വെളിപ്പാടിന്റെയും സാന്നിധ്യത്തിന്റെയും ലഭ്യതയുടെയും അടയാളമാണ്. സഭ ക്രിസ്തുവിന്റെ ശരീരം എന്നാൽ സഭ ലോകത്തിലുള്ള ക്രിസ്തുവിന്റെ ലഭ്യതയും സാന്നിദ്ധ്യവും ആകുന്നു എന്നാണ്. വചനം ശരീരം ധരിച്ച് മനുഷ്യരുടെ ഇടയിൽ പാർത്തതുപോലെ നമ്മുടെ വിശ്വാസവും ലോകയാഥാർത്ഥ്യങ്ങളുടെ നടുവിൽ ജീവൻ പകരുന്ന സാന്നിദ്ധ്യമായി മാറണം. യേശുവിന്റെ ഈ ലോകത്തിലെ ദൃശ്യസാന്നിദ്ധ്യം സൃഷ്ടികൾക്ക് ലഭ്യതയുടെയും സാന്നിധ്യത്തിന്റെയും മുഖാന്തിരമായിരുന്നു; യേശുവിലൂടെ മാനവസാമൂഹത്തിന് ദൈവസാന്നിദ്ധ്യം അനുഭവിക്കാൻ കഴിഞ്ഞു. ‘നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ’ (1 കൊരിന്ത്യർ 3:16) എന്നാണ് പൌലൊസിന്റെ വാക്കുകൾ. ദൈവത്തിന്റെ ആത്മാവു വസിക്കുന്ന നാമെല്ലാവരും ലോകത്തിൽ ദൈവസാന്നിദ്ധ്യത്തിന്റെയും ലഭ്യതയുടെയും ചാലകങ്ങൾ ആയി തീരേണ്ടതുണ്ട്.ഈ ആഗമന കാലത്തെ നമ്മുടെ ജീവിതവും സാക്ഷ്യവും അതിനായി രൂപാന്തരപ്പെടുത്താം.

ആഗമന കാലം ക്രിസ്തുവിന്റെ വീണ്ടും വരവിനായി എല്ലാവരും സ്വയം ഒരുങ്ങേണ്ട കാലമാണ്, ത്യാഗത്തിലൂടെയും സാന്നിദ്ധ്യത്തിലൂടെയും അനേകർക്ക് പ്രയോജനകരമാകുന്ന ഒരു സാക്ഷ്യമുള്ള ക്രിസ്തീയ ജീവിതം നയിക്കാൻ നമ്മെ ഏവരെയും സർവശക്തൻ ശക്തീകരിക്കട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

ക്രിസ്തുവിൽ നിങ്ങളുടെ ശുശ്രൂഷകൻ
**റവ. ഷിബുമോൻ സി. കെ.**

# Birthday in DECEMBER



| Date | Name |
|---|---|
| 02-12-2022 | ജെയിംസ് പി.എഫ്, പയ്യൂർ |
| 04-12-2022 | ബിന്ദു ജെയ്മി, ചുങ്കത്ത് |
| 04-12-2022 | റിയാൻ ടിനു ടോംസ്, ചോഴിയാറ്റിൽ |
| 05-12-2022 | ബ്രയൻ പോൾ |
| 05-12-2022 | മാർക്ക് ആൽവിൻ, കൊള്ളാട്ടിൽ |
| 05-12-2022 | ആൻസൽ വിപിൻ, കുത്തൂർ |
| 06-12-2022 | നിതിൻ ജോയ് ആന്റണി, കാച്ചപ്പള്ളി |
| 07-12-2022 | വിപുല ആഗ്നസ് പി. കളത്തിൽ |
| 08-12-2022 | ജോയൽ ജോസഫ്, ചോഴിയാറ്റിൽ |
| 08-12-2022 | സജിത ജേക്കബ് ലവിൻ, കുന്നത്ത് |
| 10-12-2022 | സൂസൻ ബിജു, ചോഴിയാറ്റിൽ |
| 10-12-2022 | ഇട്ടൂപ്പ് ക്രിസ്റ്റി, പള്ളിപറമ്പിൽ |
| 12-12-2022 | ജെസ്സി ജോയ്, കാച്ചപ്പള്ളി |
| 12-12-2022 | സാജൻ ആൻഡ്രൂസ്, എഴുത്തുപുരക്കൽ |
| 12-12-2022 | തോമസ് കെ.കെ, കാക്കശ്ശേരി |
| 12-12-2022 | വിബിൻ വിൽസൺ, കുത്തൂർ |
| 13-12-2022 | മേരി തോമസ്, വടക്കൂട്ട് |
| 13-12-2022 | ബോബൻ ജോൺ, പള്ളിപ്പറമ്പിൽ |
| 17-12-2022 | ജോസ് പി.എഫ്., പയ്യൂർ |
| 17-12-2022 | ഡെല്ലാ ജോൺ, വടാശ്ശേരി |
| 17-12-2022 | മാത്തിരി ഡേവിഡ്, പുലിമുഖം |
| 18-12-2022 | ആൻലിൻ ജെയ്സൺ, ചുങ്കത്ത് |
| 18-12-2022 | ഏലിഷ യാസ്മിൻ ക്ലിന്റൻ, പള്ളിപ്പറമ്പിൽ |
| 20-12-2022 | റിനില മേരി ജോബ്സൺ, കുന്നത്തുപറമ്പൻ |
| 22-12-2022 | ജിറ്റിമോൾ തോമസ്, കാക്കശ്ശേരി |
| 22-12-2022 | ബിത ജോഷി, കിളിയനാട്ടുപറമ്പിൽ |
| 23-12-2022 | അഗസ്റ്റിൻ ജോസഫ്, പനക്കുരുമ്പിൽ |
| 23-12-2022 | കെസിയ സഖറിയ, ആദിയുന്തൻ |
| 23-12-2022 | ആറോൻ സഖറിയ, ആദിയുന്തൻ |
| 24-12-2022 | അനിത ബാബു, മണ്ടുമ്പാൽ |
| 25-12-2022 | എലിസബത്ത് തോമസ്,  അന്തിക്കാട് |
| 25-12-2022 | എഡ്വിൻ ആന്റണി, പുലിക്കോട്ടിൽ |
| 26-12-2022 | ജെഷി ജോയ് |
| 28-12-2022 | പോൾ പ്രഭാകർ, എഴുത്തുപുരയ്ക്കൽ |
| 29-12-2022 | മാത്യു മനോഹർ, എഴുത്തുപുരയ്ക്കൽ |
| 30-12-2022 | ഓസ്റ്റിൻ ചാക്കോ തോമസ്, അന്തിക്കാട് |
| 31-12-2022 | റെജി തോമസ്, പാറയ്ക്കൽ |

ജന്മദിനാശംസകൾ...

# Wedding Anniversary in DECEMBER

| | |
|---|---|
| 26.12.2022 | Mr. ഡേവിസ് & Mrs. വീനസ്, ചീരൻ |
| 27.12.2022 | Mr. സുധീർ വില്ല്യം & Mrs. ജീന, ചീരൻ |
| 27.12.2022 | Mr. വില്ല്യം പോൾ & Mrs. ബിനു, അന്തിക്കാട് |
| 28.12.2022 | Mr. ടോംസ് പോൾ & Mrs. തങ്കമണി, ചോഴിയാട്ടിൽ |
| 28-12-2022 | Mr. ലിജോ ജോയ് & Mrs. രമ്യ രാജേന്ദ്രൻ |
| 29.12.2022 | Mr. സെഫര്യ ഗുഡ്‌വിൻ & Mrs. ലൊവെന, അദിയുന്തൻ |
| 30.12.2022 | Mr. ബെന്നി പി. & Mrs. ഷീല, വെട്ടത്ത് |
| 30.12.2022 | Mr. റ്റിജോ തോംസൺ & Mrs. ജാനറ്റ്, പ്ലാച്ചേരിൽ |

*വിവാഹ വാർഷിക മംഗളങ്ങൾ...*

## വാർത്തകളും കുറിപ്പുകളും

### വാർഷിക പൊതുയോഗം

2021- 2022 വർഷ വാർഷിക പൊതുയോഗം അനുഗ്രഹകരമായി നടത്തുന്നതിനു ദൈവം കൃപ നൽകി, പങ്കെടുത്ത് ഇടവകയുടെ വളർച്ചയ്ക്ക് വേണ്ടുന്ന എല്ലാവിധ പ്രോത്സാഹനങ്ങളും നല്കിയ ഏവർക്കും നന്ദി രേഖപ്പെടുത്തുന്നു. പൊതുയോഗം; വാർഷിക റിപ്പോർട്ടും കണക്കുകളും പാസ്സാക്കുകയുണ്ടായി. 2024 ൽ ഇടവക നൂറ്റിഎഴുപതാം വാർഷികം ആഘോഷിക്കുമ്പോൾ ഇടവക വികാരിമാർക്ക് താമസിക്കുവാൻ ഒരു പുതിയ വസതി നിർമ്മിക്കുന്നതിനും, ഇടവക ഭൂമി മുൻ പൊതുയോഗം തീരുമാനിച്ചതനുസരിച്ച് കൃഷിക്ക് വേണ്ടി പ്രയോജനപ്പെടുത്തുന്നതിനും, ഹെറിറ്റേജ് ഹാളിനു അനുയോജ്യമായ ഒരു പുതിയ ഭക്ഷണശാല നിർമിക്കുന്നതിനും തീരുമാനം എടുത്തത് ഇടവകയ്ക്ക് കൂടുതൽ പ്രയോജനകരം ആകും.

### മാസവരി അംഗത്വം

കുടുംബമായി ഭർത്താവും ഭാര്യയും വിവാഹ തീയ്യതി മുതൽ മാസവരി തുകകൾ അടയ്ക്കേണ്ടതാണ്, മുൻ കുടിശികകൾ ഉൾപ്പെടെ ഈ വർഷം തന്നെ അടച്ചു തീർത്തു സഹകരിക്കുക.

### കുടിശിക നിവാരണം

മാസവരി തുകകൾ, ലേല തുകൾ, കൊയ്ത്തുത്സവ സംഭാവനകൾ എന്നിവ സഭയുടെ സാമ്പത്തിക ക്രമീകരണങ്ങളുടെ ഭാഗമായി 2022 ഡിസംബർ 31 നകം നൽകി കുടിശികക്കാരാകാതെ എല്ലാവരും ശ്രദ്ധിക്കുക.

### ആരാധന പങ്കാളിത്തം

സഭയുടെ ആരാധനകളിലും കൂട്ടായ്മകളിലും ദീർഘ നാളുകളായി പങ്കെടുക്കാത്തവരായി ഇടവക അംഗങ്ങൾ ആയ കുറച്ചു ആളുകൾ ഉണ്ട് എന്നുള്ളത് ഖേദകരമാണ് പ്രാർഥനകൾക്കും ശുശ്രൂഷകൾക്കും മാത്രം ദൈവലായത്തെ സമീപിക്കുന്ന രീതി ഒഴിവാക്കി ദൈവത്തോടും സഭയോടും കൂട്ടായ്മ

ബന്ധം പുലർത്തുവാൻ ശ്രദ്ധിക്കുക. ശുശ്രൂഷകളിൽ വേദഭാഗങ്ങൾ വായിക്കുന്നതിനും മറ്റ് ശുശ്രൂഷാപരമായ കാര്യങ്ങൾക്കും എല്ലാ ഇടവക അംഗകൾക്കും അവസരം നല്കുവാൻ ശ്രമിക്കുന്നു, താല്പര്യമുള്ളവർ നേരത്തെ അറിയിച്ച് ക്രമീകരണത്തിനായി സഹകരിക്കുക .

**ഭവന പ്രാർത്ഥനകൾ**

ഇടവകയായി മാസത്തിൽ രണ്ട് എന്ന ക്രമത്തിൽ പ്രാർഥനകൾ ക്രമീകരിച്ചു വരുന്നു , ഇപ്രകാരം പ്രാർത്ഥനകൾ ആഗ്രഹിക്കുന്നവർ നേരത്തെ അറിയിക്കുന്നത് വളരെ സഹായകരമാണ്.

**പ്രത്യേക പ്രാർത്ഥനകൾ**

ഓർമദിനം, ഭവന കൂദാശകൾ തുടങ്ങി പ്രത്യേക പ്രാർത്ഥനകൾ എന്നിവ നേരത്തെ ഇടവക വികാരിയെ അറിയിച്ച് സമയക്രമീകരണം ചെയ്യുന്നത് സഹായകരമാണ്, പ്രത്യേക പ്രാർത്ഥനകൾക്ക് ഇടവക ഫീസുകൾ ഒന്നും ഈടാക്കുന്നില്ല എന്നിരുന്നാലും സ്തോത്രകാഴ്ചകൾ നൽകി റെസീതുകൾ കൈപറ്റാവുന്നതാണ്.

**സൺഡേസ്കൂൾ 2023**

പുതിയ സൺഡേസ്കൂൾ അദ്ധ്യയന വർഷം ജനുവരി മാസം ആദ്യവാരം ആരംഭിക്കുന്നതാണ്, എല്ലാ മാതാപിതാക്കളും കുട്ടികൾ ക്രമമായി ക്ലാസ്സുകളിൽ പഠിച്ചുവരുന്നു എന്ന് ഉറപ്പാക്കുക. സ്ഥിരീകരണ ശുശ്രൂഷയിൽ പങ്കെടുക്കണമെങ്കിൽ സൺഡേസ്കൂൾ ക്രമമായി പഠിച്ചിരിക്കേണ്ടതാണ്. പുതിയ ക്ലാസ്സിൽ രജിസ്റ്റർ ചെയ്യുന്നതിനായി ജനന തീയതി, ഫോൺനമ്പർ, പരീക്ഷ എഴുതുവാൻ കഴിയുന്ന ഭാഷ എന്നിവ ഡിസംബർ 20 നകം നല്കുക.

**സ്ഥിരീകരണ ക്ലാസ് 2023**

സൺഡേ സ്കൂൾ പഠനം പൂർത്തീകരിച്ചവരും പതിനഞ്ചു വയസ്സു തികഞ്ഞവരും അടുത്ത സ്ഥിരീകരണ ശുശ്രൂഷയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരും ആയ കുട്ടികളും മാതാപിതാക്കളും അറിയിക്കുക.

**സ്ത്രീജനസഖ്യം**

ഇടവക സ്ത്രീജനസഖ്യ യൂണിറ്റിൽ ചേർന്ന് പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്ന സ്ഥിരീകരണം കഴിഞ്ഞ എല്ലാ വനിതാ അംഗങ്ങളും 2022 ഡിസംബർ മാസത്തിൽ തന്നെ 2023 വർഷത്തിൽ മഹായിടവക സ്ത്രീജനസഖ്യത്തിൽ രജിസ്റ്റർ ചെയ്യുവാൻ ശ്രദ്ധിക്കുക.

**യുവജനസഖ്യം 2023**

ഇടവകയുടെ ആത്മികവും ഭൗതികവുമായ യാത്രയിൽ കൂടുതൽ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്നതിനും സാമൂഹിക ആവശ്യങ്ങളിൽ ഉചിതമായി ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിനും സ്ഥിരീകരണം കഴിഞ്ഞ ഇടവകയിലെ എല്ലാ യുവാക്കൾക്കും മഹായിടവക യുവജനസഖ്യത്തിൽ രജിസ്റ്റർ ചെയ്ത് യൂണിറ്റിൽ അംഗമാകാം 2022 ഡിസംബർ മാസത്തിൽ തന്നെ ഇതിനായി ക്രമീകരണങ്ങൾ ചെയ്യുക.

**ദൈവാലയ പെയിന്റിങ്**

ദീർഘവർഷങ്ങൾക്കുശേഷം നമ്മുടെ ദൈവാലയം പെയിന്റ് ചെയ്യുവാൻ

സാധിച്ചു പ്രതീക്ഷിച്ചതിനെക്കാൾ ചെലുവകൾ വന്നു എങ്കിലും ലക്ഷ്യം പൂർത്തീകരിക്കുവാൻ കഴിഞ്ഞു. പല മേഖലകളിലും കാര്യമായ കുറവ് പരിഹരിക്കുന്ന ജോലികൾ ചെയ്യേണ്ടിവന്നു, പ്രാർത്ഥനയും പ്രോത്സാഹനവുമായി ചേർന്നു നിന്ന എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

## ബെഞ്ചുകളുടെ നവീകരണം

ആലയത്തിലെ ബെഞ്ചുകൾ വളരെ മോശം അവസ്ഥയിൽ ആയിരുന്നത് പരിഹരിക്കുന്ന ജോലികൾ തുടർന്നുവരുന്നു, മരത്തിന്റെ ഭാഗങ്ങൾ യോജിക്കുന്ന തരത്തിൽ കേടുപോക്കുകകൾ  ചെയ്യുക എന്നത് ഒരു വലിയ വെല്ലുവിളിയാണ് എങ്കിലും സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു. മരവില കൂടാതെ ഒരു ബെഞ്ച് നന്നാക്കിയെടുക്കുവാൻ ഏകദേശം 8,000/ രൂപ ചെലവ് വരുന്നുണ്ട്. ഈ തുകയോ സാധിക്കുന്ന സാമ്പത്തികമോ നൽകി ഈ സംരംഭത്തിൽ ആർക്കും പങ്കാളികൾ ആകാവുന്നതാണ്.

## ആഗമനകാല ശുശ്രൂഷകൾ

ആഗമന കാലത്ത് എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മണി മുതൽ ആലയത്തിൽ ധ്യാനത്തിനായി വന്നുചേരാവുന്നതാണ്, രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക്  12:30 വരെ ഉപവാസ പ്രാർഥനയും ക്രമീകരിക്കുന്നതാണ്.

## ഗ്രീൻ പ്രോജക്റ്റ്

പല തരത്തിൽ പ്രവർത്തന നിരതമാകേണ്ടിവന്നു എങ്കിലും മഹായിടവകയുടെ അനുമതിയോടെ  ഇടവക ഭൂമിയിൽ കൃഷിക്കായുള്ള ഒരുക്കങ്ങൾ ആരംഭിച്ചു, കാടുതെളിച്ച് പാഴ്മരങ്ങൾ മുറിച്ചുമാറ്റുന്ന ജോലികൾ നടന്നുവരുന്നു. തെങ്ങ് പ്രധാന വിളയായി 'ബഹുതല ബഹുവിള' കൃഷി സമ്പ്രദായ രീതിയാണ് നമ്മുടെ ലക്ഷ്യം. ഇടവക ഭൂമിയിലെ കാർഷിക ശ്രമത്തിന് ഉചിതമായ ഒരു പേര് നിർദ്ദേശിക്കുന്നതിന്  ഇടവക ജനങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

## കരോൾ ഗാനശുശ്രൂഷ

ഇടവക ഗായകസംഘത്തിന്റെ നേതൃത്വത്തിൽ 18.12.2022 വൈകുന്നേരം 6.30 ന് കരോൾ ഗാനശുശ്രൂഷ ക്രമീകരിച്ചിരിക്കുന്നു. ഏവരേയും സ്വാഗതം ചെയ്യുന്നു.

## വർഷാന്ത്യ ആരാധന

ഡിസംബർ 31 ശനിയാഴ്ച രാത്രി 11.30 ന് വർഷാന്ത്യ ആരാധന ദൈവാലയത്തിൽ ക്രമീകരിക്കുന്നതാണ്. പ്രാർത്ഥനയോടെ വന്ന് സംബന്ധിക്കുക.

## ഇടവക ബാങ്ക് വിവരങ്ങൾ

ബാങ്കിലേക്ക് പണമയക്കുന്നവർ പേരും, ഏതിനത്തിൽ എന്നതും വ്യക്തമായി സന്ദേശം അയക്കുന്നതോടൊപ്പം അയച്ചതിന്റെ സ്ക്രീൻ ഷോട്ടും അയയ്ക്കുവാൻ ശ്രദ്ധിക്കുക. വാട്സാപ്പ് നമ്പർ - 8296547933.

**അക്കൗണ്ട് വിവരങ്ങൾ** :

**Federal Bank, Kunnamkulam Branch**

**Name : CSITA ST. Paul's CSI church**

**A/c. No: 13420100018196**

**IFSC : FDRL 0001342**

# ഒക്ടോബർ 2022 വരവ് – ചെലവുകൾ

| വരവ് | | | ചെലവ് | | |
|---|---|---|---|---|---|
| മുൻ മിച്ചം ബാങ്ക് | - | 28,997.75 | മുൻകടം | - | 1,279.00 |
| വസ്തുവക വരവ് | - | 4,880.00 | വസ്തുവക ചെലവ് | - | 5,800.00 |
| പൊതു വഴിപാട് | - | 16,890.00 | യാത്ര ചെലവ് | - | 5,000.00 |
| ജന്മദിന വിവാഹ വാർഷിക സ്തോത്ര വഴിപാട് | - | 7,450.00 | തിരുവത്താഴം | - | 80.00 |
| സ്തോത്ര വഴിപാട് | - | 4,150.00 | പോസ്റ്റേജ് & സ്റ്റേഷനറി | - | 3,080.00 |
| മാസവരി സംഖ്യ | - | 9,100.00 | സാധുസഹായം | - | 4,000.00 |
| ഫീസ് | - | 1,000.00 | കപ്യാർ / പ്യൂൺ | - | 7,500.00 |
| ലേലം | - | 100.00 | വൈദ്യുതി ചാർജ്ജ് | - | 3,281.00 |
| സണ്ടേസ്കൂൾ | - | 1,955.50 | സെമിത്തേരി ചെലവ് | - | 5,300.00 |
| ദശാംശം | - | 14,300.00 | ഗായകസംഘം | - | 1,763.00 |
| സെമിത്തേരി ഫണ്ട് | - | 250.00 | ലോക്കൽ അലവൻസ് | - | 9,555.00 |
| സംഭാവന | - | 500.00 | ബാങ്ക് ചാർജ്ജ് | - | 11.00 |
| ഗ്രീൻ പ്രോജക്റ്റ് | - | 4,000.00 | സീനിയർ പ്രസ്ബിറ്റർ അലവൻസ് | - | 2,000.00 |
| യുവജനസഖ്യം | - | 400.00 | റിഫ്രെഷ്മെന്റ് | - | 311.00 |
| ബാങ്ക് പലിശ | - | 467.00 | 60 % വസ്തുവക വരവ് മഹായിടവകയിലേക്ക് | - | 7,440.00 |
| കൊയ്ത്തുത്സവം | - | 4,64,070.00 | 60% മഹായിടവകയിലേക്ക് | - | 17,320.00 |
| കരുണാലയം ഫണ്ട് | - | 5,350.00 | പി ബി എഫ് | - | 3,185.00 |
| സംഭാവന : പെയിന്റിംഗ് | - | 1,000 | പെൻഷൻ ഫണ്ട് | - | 3,185.00 |
| | | | കൊയ്ത്തുത്സവ ചിലവ് | - | 40,633.00 |
| | | | വിദ്യാഭ്യാസ അവാർഡ് | - | 9,100.00 |
| | | | ബാങ്ക് | - | 4,27,105.25 |
| | | | ചെക്ക് | - | 5,750.00 |
| | | | കൈവശം | - | 2,182.00 |
| ആകെ വരവ് | | 5,64,860.25 | ആകെ ചിലവ് | | 5,64,860.25 |

കുന്നംകുളം
27.11.2022

വികാരി സെക്രട്ടറി ട്രഷറർ

# PROGRAMME FOR DECEMBER 2022

| | | | |
|---|---|---|---|
| 04.12.2022<br>9.30 am<br>വി.സ. | വേദപുസ്തക ഞായർ<br>ആഗമനത്തിൽ രണ്ടാം ഞായർ<br>ദൈവവചനം :<br>ഇരുവായ്ത്തലയുള്ള വാൾ | യിരെമ്യാവ് 36:1 – 10<br>സങ്കീ. 118 : 89 – 96<br>എബ്രായർ 4 : 11 – 13<br>ലൂക്കോസ് 1:5 – 17 | എബ്രഹാം ലിങ്കൺ<br>അലന്റാ മേരി അജിത്<br>അമെന്റാ മേരി അജിത് |
| 11.12.2022<br>9.30 am | ആഗമനത്തിൽ മൂന്നാം ഞായർ<br>ഇമ്മാനുവേലിന്റെ വാഗ്ദത്തം | യെശയ്യാവ് 7:10 – 17<br>സങ്കീർത്തനം 98<br>1 പത്രോസ് 3:8 – 16<br>മത്തായി 1:18 – 25 | റിച്ചാർഡ്സൺ ജേക്കബ്<br>അലീന എലിസബത്ത്<br>വിജി ജോസഫ് |
| 18.12.2022<br>9.30 am<br>വി.സ. | ആഗമനത്തിൽ നാലാം ഞായർ<br>ഒരുങ്ങുക :<br>കർത്താവ് വരുന്നു | മീഖ 4:1 – 5<br>സങ്കീർത്തനം 126<br>1 യോഹന്നാൻ 4:7 – 21<br>യോഹന്നാൻ 4:21 – 37 | വിബിൻ വിൽസൺ<br>ആൻമരിയ<br>നിഷ യേശുദാസ് |
| 25.12.2022<br>5.00 am<br>വി.സ. | ക്രിസ്തുമസ്<br>ക്രിസ്തുമസ് :<br>കൃപമേൽ കൃപ | ആവർത്തനം. 6:1 – 17<br>സങ്കീർത്തനം 20<br>എഫേസ്യർ 2:4 – 9<br>മത്തായി 2:13 – 23 | മാത്യു പി.ജെ.<br>സ്നിഹ ഷിജോ<br>ഷൈനി ജോസഫ് |
| 01.01.2023<br>9.30 am<br>വി.സ. | ക്രിസ്തുമസിന് പിൻപ്<br>ഒന്നാം ഞായർ<br>എല്ലാവരുമായുള്ള<br>ദൈവത്തിന്റെ ഉടമ്പടി | ഉല്പത്തി 9:8 – 17<br>സങ്കീർത്തനങ്ങൾ 145<br>ഗലാത്യർ 4:21 – 31<br>ലൂക്കോസ് 2:15 – 21 | പോൾ പ്രഭാകർ<br>ഓസ്റ്റിൻ ചാക്കോ<br>അച്ചാമ്മ പോൾ |

**ഭവന പ്രാർത്ഥന**

10.12.2022 ശനിയാഴ്ച 6.00 pm, ജോയ് പുലിക്കോട്ടിൽ, അടുപ്പുട്ടി

**സംഘടനാ യോഗങ്ങൾ**

09.12.2022 11.30 am സ്ത്രീജനസഖ്യം യൂണിറ്റ് മീറ്റിംഗ്
18.12.2022 11.30 am യുവജനസഖ്യം യൂണിറ്റ് മീറ്റിംഗ്

**ദശാംശ സമർപ്പണ ഞായർ**

18.12.2022 ഞായർ ആരാധനാ മദ്ധ്യേ

**ഗാനപരിശീലനം**

എല്ലാ ഞായറാഴ്ചയും 12.00 pm ന്
ശനിയാഴ്ച വൈകുന്നേരം 5.00 pm ന്

*കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ ഇടവക പട്ടക്കാരൻ*

CSI പാഴ്സനേജ്, കുന്നംകുളം
04885 227077, 8296547933

റവ. ഷിബുമോൻ സി.കെ.
Mob: 9744077022